"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഇടുക്കി ജില്ലയിൽ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 16 ആർ 19 ച.മീ. ഭൂമിയിൽ നിന്നും 10 സെന്റ് സ്ഥലം മുരിക്കാശ്ശേരി സബ് ട്രഷറി ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടു നൽകുന്നതിന് വാത്തിക്കുടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(കൈ) നം.138/2022/LSGD തീയതി, തിരുവനന്തപുരം, 29-06-2022

---

പരാമർശം:-

1. വാത്തിക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.08.2021 തീയതിയിലെ 3(1) നമ്പർ തീരുമാനം.
2. പഞ്ചായത്ത് ഡയറക്ടറുടെ 18.01.2022-ലെ PAN/16260/2021-C9(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാത്തിക്കുടി വില്ലേജ് സർവ്വെ നം. 1/1-2227-1-1, സർവ്വെ നം.1/1-2227-2 എന്നിവകളിൽപ്പെടുന്ന യഥാക്രമം 0.0405 ഹെ. വസ്തുവും 0.1214 ഹെ. വസ്തുവും ഉൾപ്പെടുന്നതും റീ സർവ്വെ പ്രകാരം ബ്ലോക്ക് 34-ൽ സർവ്വെ നം.199/3 Pt-ൽപ്പെടുന്നതുമായ ആകെ 0.1619 ഹെ. (16 ആർ 19 ച.മീ.) ഭൂമിയിൽ നിന്ന് 10 സെന്റ് സ്ഥലം മുരിക്കാശ്ശേരി സബ് ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി വിട്ടുനൽകുന്നതിന് പരാമർശം 1) പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിരുന്നു.

2) സബ് ട്രഷറി നിർമ്മാണത്തിനായി വിട്ട് നൽകാൻ ഉദ്ദേശിക്കുന്ന ഭൂമി പൂർണ്ണമായും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വിലയ്ക്ക് വാങ്ങിയിട്ടുള്ളതുമാണെന്ന് പരാമർശം 2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 3-ാം ചട്ടം (1)-ാം ഉപചട്ട പ്രകാരം ഇടുക്കി താലൂക്കിൽ വാത്തിക്കുടി വില്ലേജിൽ സർവ്വേ നമ്പർ 1/1-2227-1-1 ൽ, 4 ആർ 5 സ്ക്വ മി, സർവ്വേ നമ്പർ 1/1-2227-2, ൽ 12 ആർ 14 സ്ക്വ. മീ പുരയിടം ആകെ 16.19 ആർ വിസ്തീർണ്ണമുള്ള ഭൂമിയിൽ നിന്നും 10 സെന്റ് സ്ഥലം മുരിക്കാശ്ശേരി ട്രഷറി നിർമ്മാണത്തിനായി സൗജന്യമായി വിട്ടു നൽകുന്നതിന് വാത്തിക്കുടി

ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, വാത്തിക്കുടി ഗ്രാമപഞ്ചായത്ത്, മുരിക്കാശ്ശേരി, ഇടുക്കി,
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ഇടുക്കി.
ജില്ലാ ട്രഷറി ആഫീസർ, ഇടുക്കി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), തിരുവനന്തപുരം.
റവന്യൂ (എ) വകുപ്പ് (റവ-എ2/33/2022-റവ തീയതി 18.05.2022)
നിയമ (അഭി. ഡി) വകുപ്പ് (ഡി3/26/2022/നിയമം. തീയതി 31.05.2022).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്,
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (നം.ആർ.സി.4/43/2022/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 30-06-2022 10:42:48**
സെക്ഷൻ ഓഫീസർ